| 03-07-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഈ പരിധിയില്ലാത്ത നാടകത്തിൽ നിങ്ങൾ അത്ഭുതകരമായ അഭിനേതാവാണ്, ഇത് അനാദി നാടകമാണ്. ഇതിൽ യാതൊരു മാറ്റവും ഉണ്ടാവുക സാദ്ധ്യമല്ല.**

**ചോദ്യം:-** ബുദ്ധിശാലികളും ദീർഘദൃഷ്ടികളുമായ കുട്ടികൾക്ക് മാത്രം മനസ്സിലാക്കാൻ സാധിക്കുന്ന ഏതൊരു ഗുഹ്യരഹസ്യമാണ് ഉള്ളത് ?

**ഉത്തരം:-** മൂലവതനം മുതൽ മുഴുവൻ ഡ്രാമയുടേയും ആദി-മദ്ധ്യ-അന്ത്യത്തിന്റെ ഗുഹ്യമായ രഹസ്യം ദീർഘദൃഷ്ടികളായ കുട്ടികൾക്കേ മനസ്സിലാക്കാൻ സാധിക്കൂ, ബീജത്തിന്റെയും വൃക്ഷത്തിന്റേയും മുഴുവൻ ജ്ഞാനം അവരുടെ ബുദ്ധിയിൽ ഉണ്ടാകും. അവർക്കറിയാം - ഈ പരിധിയില്ലാത്ത നാടകത്തിൽ ആത്മാവാകുന്ന അഭിനേതാവ് ഈ ശരീരമാകുന്ന വേഷമണിഞ്ഞ് പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു, ആത്മാവിന് സത്യയുഗം മുതൽ കലിയുഗം അവസാനം വരേയും പാർട്ട് അഭിനയിക്കണം. ഏതൊരു അഭിനേതാവിനും ഇടയ്ക്ക് വെച്ച് തിരിച്ചുപോകാൻ സാധിക്കില്ല.

**ഗീതം-** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി....

**ഓം ശാന്തി.** ഈ പാട്ട് കുട്ടികൾ കേട്ടില്ലേ. ഈ പാട്ടിൽ ചില വാക്കുകൾ ശരിയാണ് ചിലത് തെറ്റാണ്. സുഖത്തിൽ ആരും സ്മരിക്കുന്നില്ല. തീർച്ചയായും ദുഃഖവും വരണം. ദുഃഖമുണ്ടെങ്കിൽ മാത്രമേ സുഖം നൽകുന്നതിനു വേണ്ടി ബാബയ്ക്ക് വരേണ്ടി വരൂ. മധുരമധുരമായ കുട്ടികൾക്ക് അറിയാം, ഇപ്പോൾ നാം സുഖധാമത്തിലേക്കു വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. ശാന്തിധാമവും സുഖധാമവും. ആദ്യം മുക്തി പിന്നീട് ജീവൻമുക്തി. ശാന്തിധാമം ആത്മാക്കളുടെ വീടാണ് അവിടെ പാർട്ട് അഭിനയിക്കേണ്ട. അഭിനേതാക്കൾ വീട്ടിലേക്ക് പോയിക്കഴിഞ്ഞാൻ അവിടെ പാർട്ട് അഭിനയിക്കേണ്ടല്ലോ. പാർട്ട് വേദിയിലാണ് അഭിനയിക്കുക. ഇതാണ് വേദി. പരിധിയുള്ള നാടകം ഉള്ളതുപോലെ പരിധിയില്ലാത്ത നാടകവുമുണ്ട്. ഇതിന്റെ ആദി-മധ്യ-അന്ത്യത്തിന്റെ രഹസ്യം ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കാൻ കഴിയില്ല. വാസ്തവത്തിൽ ഈ യാത്ര അഥവാ യുദ്ധം എന്ന വാക്ക് കേവലം മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ ഉപയോഗത്തിലേക്ക് വരുന്നു. ബാക്കി ഇവിടെ യുദ്ധത്തിന്റെ കാര്യമൊന്നും ഇല്ല. യാത്ര എന്ന വാക്ക് ഓർമ്മയുടേതാണ്. ഓർമ്മിച്ചോർമ്മിച്ച് പാവനമായിത്തീരുന്നു. ഇവിടെത്തന്നെ ഈ യാത്ര പൂർത്തിയാവുകയും ചെയ്യും. മറ്റെവിടേക്കും പോകേണ്ടതില്ല. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് പാവനമായി തന്റെ വീട്ടിലേക്ക് പോകണം. അപവിത്രമായവർക്ക് പോകാൻ സാധിക്കില്ല. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. ആത്മാവായ എന്നിൽ മുഴുവൻ ചക്രത്തിന്റേയും പാർട്ടുണ്ട്. ഇപ്പോൾ പാർട്ട് പൂർത്തിയായി. ബാബ വളരെ സഹജമായ അഭിപ്രായമാണ് പറഞ്ഞു തരുന്നത്, എന്നെ ഓർമ്മിക്കൂ. ബാക്കി എല്ലാവരും ഇവിടെത്തന്നെയാണ് ഇരിക്കേണ്ടത് എങ്ങോട്ടും പോകേണ്ടതായില്ല. ബാബ വന്ന് പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പാവനമാകുന്നു. യുദ്ധത്തിന്റെ കാര്യമില്ല. സ്വയത്തെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കി മാറ്റണം. മായയുടെ മേൽ വിജയം പ്രാപിക്കണം. കുട്ടികൾക്കറിയാം 84 ജന്മത്തിന്റെ ചക്രം പൂർത്തിയാവുകയാണ്, ഭാരതം സതോപ്രധാനമായിരുന്നു തീർച്ചയായും ആ സമയത്ത് ഭാരതത്തിൽ മനുഷ്യർ തന്നെയായിരിക്കുമല്ലോ ഉണ്ടാവുക. ഭൂമി അതുതന്നെയായിരിക്കും. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ആദ്യം സതോപ്രധാനമായിരുന്നു. ഇപ്പോൾ തമോപ്രധാനമായിരിക്കുകയാണ് ഇനി വീണ്ടും സതോപ്രധാനമാകണം. മനുഷ്യർ വിളിക്കുന്നുമുണ്ട് വന്ന് പതിതരെ പാവനമാക്കൂ. പക്ഷെ ആരാണ് എങ്ങിനെ വരുന്നു ഒന്നും അറിയില്ല. ഇപ്പോൾ ബാബ നമ്മെ വിവേകശാലികൾ ആക്കുകയാണ് എത്ര ഉയർന്ന പദവിയാണ് നിങ്ങൾ നേടുന്നത്. സ്വർഗ്ഗത്തിൽ സാധാരണക്കാർ പോലും ഉയർന്നതാണ്. ഇവിടെയുള്ള ധനവാന്മാരെക്കാൾ. എത്ര വലിയ-വലിയ രാജാക്കന്മാരായിരുന്നു ഉണ്ടായിരുന്നത്, ധനം വളരെയധികം ഉണ്ടായിരുന്നു, പക്ഷെ വികാരികൾ ആയിരുന്നില്ലേ. ഇവരേക്കാളും സത്യയുഗത്തിലുള്ള സാധാരണ പ്രജകൾ വളരെ ഉയർന്നതാണ്. ബാബ വ്യത്യാസം പറഞ്ഞു തരികയാണ്. രാവണന്റെ നിഴൽ വീഴുന്നതിലൂടെ പതിതരായി. നിർവ്വികാരീ ദേവതകളുടെ മുന്നിൽ പോയി അവനവനെ പതിതരാണെന്ന് പറഞ്ഞ് തലകുനിക്കുന്നു. ബാബ ഇവിടേക്ക് വരുമ്പോൾ നിങ്ങളെ പെട്ടെന്ന് ഉയർത്തുന്നു. സെക്കന്റിന്റെ കാര്യമാണ്. ഇപ്പോൾ ബാബ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകി. നിങ്ങൾ ദീർഘവീക്ഷണമുള്ളവരായി മാറുന്നു. മുകളിലുള്ള മൂലവതനം മുതൽക്ക് മുഴുവൻ ഡ്രാമയുടെ ചക്രവും ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഓർമ്മയുണ്ട്. എങ്ങനെയാണോ പരിധിയുള്ള നാടകം കണ്ട് വന്നതിനുശേഷം എന്തെല്ലാമാണോ കണ്ടത് അത് കേൾപ്പിക്കുന്നത്. ബുദ്ധിയിൽ

നിറഞ്ഞിട്ടുള്ള കാര്യമാണ് വർണ്ണിക്കുന്നത്. ആത്മാവിൽ നിറച്ചു വരുന്നു പിന്നീട് വിതരണം ചെയ്യുന്നു. ഇവിടെ പരിധിയില്ലാത്ത കാര്യങ്ങളാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ പരിധിയില്ലാത്ത ഡ്രാമയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം ഉണ്ടായിരിക്കണം. ഇത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പരിധിയുള്ള നാടകത്തിലാണെങ്കിൽ ഒരു അഭിനേതാവ് മാറിക്കഴിഞ്ഞാൽ അതിനു പകരമായി മറ്റൊരാളെ വയ്ക്കാൻ സാധിക്കുന്നു. ആർക്കെങ്കിലും അസുഖമുണ്ടായെങ്കിൽ മറ്റൊരാളെ ചേർക്കുന്നു. ഇത് ചൈതന്യ നാടകമാണ്, ഇതിൽ ലേശം പോലും മാറ്റം വരുത്താൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ആത്മാക്കളാണ്. ഈ ശരീരമാകുന്ന വേഷമണിഞ്ഞ് നമ്മൾ ബഹുരൂപി പാർട്ട് അഭിനയിക്കുന്നു. നാമം, രൂപം, ദേശം പെരുമാറ്റം എല്ലാം പരിവർത്തനപ്പെടുന്നു. അഭിനേതാക്കൾക്ക് തന്റെ അഭിനയത്തെക്കുറിച്ച് അറിയുമല്ലോ. ബാബ കുട്ടികൾക്ക് ഈ ചക്രത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു. സത്യയുഗം മുതൽ കലിയുഗം വരെ പാർട്ട് അഭിനയിച്ച് പിന്നീട് തിരികെപോയി പുതിയതായി വന്ന് പാർട്ട് അഭിനയിക്കുന്നു. ഇത് വിശദമായി മനസ്സിലാക്കുന്നതിൽ സമയമെടുക്കുന്നു. ബീജത്തിൽ ജ്ഞാനമുണ്ടെങ്കിലും മനസ്സിലാക്കിത്തരുന്നതിൽ സമയമെടുക്കില്ലേ. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ബീജത്തിന്റേയും വൃക്ഷത്തിന്റേയും രഹസ്യമുണ്ട്, അതും ആരാണോ നല്ല ബുദ്ധിശാലികളായ കുട്ടികൾ അവർക്കേ സൃഷ്ടി വൃക്ഷത്തിന്റെ ബീജം മുകളിലാണെന്ന് മനസ്സിലാക്കാൻ സാധിക്കൂ. ഇതിന്റെ ഉൽപ്പത്തി പാലന സംഹാരം എങ്ങനെയുണ്ടാകുന്നു, അതുകൊണ്ടാണ് ത്രിമൂർത്തിയുടെ ചിത്രവും കാണിച്ചിരികുന്നത്. ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നതുപോലെ മറ്റൊരു മനുഷ്യനും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ചിലർ വളരെ നിർബന്ധബുദ്ധികൾ ആണെങ്കിൽ പറയും ഞങ്ങൾക്ക് ഒന്നും കേൾക്കണ്ട. ചിലർ കേൾക്കുന്നവരുമുണ്ട്, പുസ്തകങ്ങൾ വാങ്ങിക്കുന്നു, ചിലർ എടുക്കാത്തവരുമുണ്ട്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ എത്ര വിശാലമാണ്, നിങ്ങൾ ദീർഘവീക്ഷണമുള്ളവരാണ്. മൂന്നു ലോകങ്ങളേയും നിങ്ങൾ അറിയുന്നു, മൂലവതനത്തെയാണ് നിരാകാരീ ലോകം എന്നു പറയുന്നത്. ബാക്കി സൂക്ഷ്മവതനമൊന്നും ഇല്ല. നിങ്ങളുടെ സംബന്ധം മുഴുവനും മൂലവതനവും സ്ഥൂലവതനവുമായാണ്. ബാക്കി സൂക്ഷ്മ വതനം കുറച്ചു സമയത്തേക്കാണ്. ബാക്കി ആത്മാക്കളെല്ലാം മുകളിൽ നിന്നും ഇങ്ങോട്ട് പാർട്ട് അഭിനയിക്കാനായി വരികയാണ്. ധർമ്മങ്ങളുടെ വൃക്ഷവും നമ്പർവൈസാണ്. ഈ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷവും കൃത്യമാണ്. മുന്നിലേക്കും പിന്നിലേക്കും അൽപം പോലും പോകില്ല. ആത്മാക്കൾക്ക് മറ്റൊരു സ്ഥലത്ത് പോയി ഇരിക്കാനും സാധിക്കില്ല. ആത്മാക്കൾ ബ്രഹ്മതത്വത്തിലാണ്. എങ്ങനെയാണോ നക്ഷത്രങ്ങൾ ആകാശത്തിൽ നിൽക്കുന്നത് ഈ നക്ഷ്ത്രങ്ങൾ ദൂരെനിന്നും നോക്കുമ്പോഴാണ് ചെറുതായി കാണുന്നത്. വാസ്തവത്തിൽ വലുതാണ്. എന്നാൽ ആത്മാവ് ചെറുതാകുന്നുമില്ല വലുതാകുന്നുമില്ല, വിനാശവും സംഭവിക്കുന്നില്ല. നിങ്ങൾ സ്വർണ്ണിമ യുഗത്തിലേക്ക് പോകുന്നു പിന്നീട് ഇരുമ്പുയുഗത്തിലേക്കും വരുന്നു. കുട്ടികൾക്കറിയാം നമ്മൾ സ്വർണ്ണിമയുഗത്തിലായിരുന്നു, ഇപ്പോൾ ഇരുമ്പുയുഗത്തിലേക്ക് വന്നിരിക്കുന്നു. ഇപ്പോൾ യാതൊരു വിലയുമില്ല. മായയുടെ തിളക്കം എത്ര തന്നെ ഉണ്ടെങ്കിലും ഇത് രാവണന്റെ സ്വർണ്ണിമയുഗമാണ്. അത് ഈശ്വരന്റെ സ്വർണ്ണിമയുഗം.

മനുഷ്യർ പറയുന്നു - 6-7 വർഷങ്ങൾക്കുള്ളിൽ ഇത്രയും ധാന്യങ്ങൾ ഉണ്ടാകും, അത് ചോദിക്കയേ വേണ്ട. നോക്കൂ, അവരുടെ പ്ലാൻ എന്താണ് നിങ്ങൾ കുട്ടികളുടെ പ്ലാൻ എന്താണ്? ബാബ പറയുന്നു എന്റെ പ്ലാനാണ് പഴയതിനെ പുതിയതാക്കുക. നിങ്ങളുടേതും ഒരേയൊരു പ്ലാൻ തന്നെയാണ്. നിങ്ങൾക്കറിയാം ബാബയുടെ ശ്രീമത്തിലൂടെ നമ്മൾ നമ്മുടെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നു. ബാബ വഴി പറഞ്ഞു തരികയാണ്, ശ്രീമത്ത് നൽകുകയാണ്, ഓർമ്മയിൽ ഇരിക്കാനുള്ള മതം നൽകുന്നു. മതം എന്ന വാക്ക് പറയാറുണ്ടല്ലോ. സംസ്കൃത വാക്കുകൾ ബാബ പറയില്ല. ബാബ ഹിന്ദിയിൽ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ഭാഷകൾ അനേകമുണ്ട്. തർജ്ജമ ചെയ്യുന്ന ആളും ഉണ്ടാകും, കേട്ടിട്ട് പിന്നീട് അവരവരുടെ ഭാഷയിൽ കേൾപ്പിച്ചു കൊടുക്കുന്നു. ഹിന്ദിയും ഇംഗ്ലീഷും അറിയുന്നവർ ഒരുപാടുണ്ട്. ഇത് പഠിക്കുന്നുവരും ഉണ്ട്. ബാക്കി മാതാക്കൾ വീട്ടിൽ ഇരിക്കുന്നതു കൊണ്ട് അത്ര പഠിക്കുന്നില്ല. ഇന്നത്തെക്കാലത്ത് വിദേശത്തുപോയി ഇംഗ്ലീഷ് പഠിക്കുന്നവരാണെങ്കിൽ പിന്നീട് വീട്ടിലേക്ക് വന്നാലും അവർ ഇംഗ്ലീഷ് തന്നെ സംസാരിച്ചുകൊണ്ടിരിക്കും. ഹിന്ദി പറയാൻ സാധിക്കില്ല. വീട്ടിൽ അമ്മയോട് ഇംഗ്ലീഷിൽ തന്നെ സംസാരിക്കാൻ തുടങ്ങും. അവർ പാവം ആശയക്കുഴപ്പത്തിലാകുന്നു, ഞങ്ങൾക്ക് എന്ത് ഇംഗ്ലീഷ് അറിയാനാണ്. പിന്നീട് കുട്ടികൾക്ക് കുറച്ചു കുറച്ച് ഹിന്ദി പഠിക്കേണ്ടതായി വരുന്നു. സത്യയുഗത്തിൽ ഒരു രാജ്യം ഒരു ഭാഷ ആയിരുന്നു, ഇപ്പോൾ വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഓരോ അയ്യായിരം വർഷത്തിനു ശേഷവും ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നു എന്നുള്ളത് ബുദ്ധിയിൽ ഉണ്ടായിരിക്കണം. ഇപ്പോൾ ഒരേയൊരു ബാബയുടെ ഓർമ്മയിൽ ഇരിക്കണം. മധുബനിൽ നിങ്ങൾക്ക് വളരെ നല്ല അവസരമാണ്. അതിരാവിലെ സ്നാനം കഴിഞ്ഞ് പുറത്ത് കറങ്ങുന്നതിൽ വളരെ ആനന്ദം ലഭിക്കുന്നു, ഉള്ളിൽ ഓർമ്മയുണ്ടായിരിക്കണം നമ്മൾ അഭിനേതാക്കളാണ്. ഈ സ്മൃതിയും ഇപ്പോഴാണ് വന്നത്. ബാബ നമുക്ക് 84 ജന്മങ്ങളുടെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തന്നു. നമ്മൾ

സതോപ്രധാനമായിരുന്നു ഇത് വളരെ സന്തോഷത്തിന്റെ കാര്യമാണ്. മനുഷ്യർ വെറുതെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. അതിലൂടെ ഒന്നും സമ്പാദ്യമില്ല. നിങ്ങൾ വളരെയധികം സമ്പാദിക്കുന്നു. ബുദ്ധിയിൽ ചക്രത്തെക്കുറിച്ച് ഓർമ്മയുണ്ടായിരിക്കണം പിന്നീട് ബാബയേയും ഓർമ്മിച്ചു കൊണ്ടിരിക്കൂ. സമ്പാദിക്കാനുള്ള വളരെ നല്ല നല്ല യുക്തികൾ ബാബ പറഞ്ഞുതരുന്നുണ്ട്. ഏതു കുട്ടികളാണോ ജ്ഞാനത്തിന്റെ വിചാരസാഗരമഥനം ചെയ്യാത്തത് അവരെത്തന്നെയാണ് മായ ബുദ്ധിമുട്ടിക്കുന്നതും. ഉള്ളിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിക്കൂ നമ്മൾ എങ്ങനെ 84 ജന്മത്തിന്റെ ചക്രം കറങ്ങി. സത്യയുഗത്തിൽ ഇത്ര ജന്മമെടുത്തു പിന്നീട് താഴേക്ക് ഇറങ്ങിവന്നു. ഇനി വീണ്ടും സതോ പ്രധാനമാവണം ബാബ പറയുന്നു- എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സതോപ്രധാനമാകും. നടക്കുമ്പോഴും കറങ്ങുമ്പോഴും ബുദ്ധിയിൽ ഈ കാര്യങ്ങൾ ഓർമ്മിക്കുകയാണെങ്കിൽ മായയുടെ ശല്യവും സമാപ്തമാവും. ഇവിടെ നിങ്ങൾക്ക് വളരെ പ്രാപ്തിയാണ്. പതിയും പത്നിയും ഒരുമിച്ചിരിക്കുകയാണെങ്കിലും ഓരോരുത്തർക്കും അവരവരുടേതായ പുരുഷാർത്ഥം ചെയ്യണം. അവനവന് ഉയർന്ന പദവി നേടണം. ഒറ്റയ്ക്ക് എവിടേക്ക് പോവുകയാണെങ്കിലും വളരെയധികം ആനന്ദമാണ്. അവനവന്റെ തന്നെ ലഹരിയിലിരിക്കും. മറ്റൊരാൾ കൂടെയുണ്ടെങ്കിൽ ബുദ്ധി അങ്ങോട്ടും ഇങ്ങോട്ടും പോകുന്നു. വാസ്തവത്തിൽ വളരെ സഹജമാണ്, എല്ലായിടത്തും പൂന്തോട്ടമുണ്ടല്ലോ, ഒരു എഞ്ചിനീയർ ആണെങ്കിൽ അവർക്ക് ഈ ചിന്ത തന്നെ ആയിരിക്കും ഇവിടെ പാലം പണിയണം, ഇത് ചെയ്യണം എന്നൊക്കെ. ബുദ്ധിയിൽ പ്ലാനുകൾ വന്നുകൊണ്ടിരിക്കും. നിങ്ങൾ വീട്ടിൽ ഇരിക്കുകയാണെങ്കിലും ബുദ്ധി അതിൽ തന്നെ മുഴുകിയിരിക്കും. ഈ സ്വഭാവം ഉണ്ടാക്കുകയാണെങ്കിൽ നിങ്ങളുടെ ഉള്ളിൽ ഇതേ ചിന്തനം നടന്നു കൊണ്ടിരിക്കും. ജോലിയും ചെയ്യണം പഠിക്കുകയും വേണം. വൃദ്ധർക്കും യുവാക്കൾക്കും കുട്ടികൾക്കും എല്ലാവർക്കും പാവനമാകണം. ആത്മാവിന് ബാബയിൽ നിന്നും സമ്പത്ത് എടുക്കാനുള്ള അധികാരമുണ്ട്. കുട്ടികളിൽ ചെറുപ്പത്തിൽ തന്നെ ഈ വിത്ത് വിതയ്ക്കുകയാണെങ്കിൽ വളരെ നല്ലതാണ്. ആദ്ധ്യാത്മികവിദ്യ മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല.

നിങ്ങളുടെ ഈ ആദ്ധ്യാത്മികവിദ്യ, ബാബ തന്നെയാണ് നിങ്ങൾക്കു വന്ന് പഠിപ്പിച്ചു തരുന്നത്. മറ്റുള്ള സ്കൂളുകളിൽ ഭൗതികവിദ്യയാണ് പഠിപ്പിക്കുന്നത്. മറ്റ് ശാസ്ത്രങ്ങളുടെ വിദ്യയുമുണ്ട്. ഇവിടെയുള്ളത് ആത്മീയ വിദ്യയാണ്, ഇത് നിങ്ങളെ പഠിപ്പിക്കുന്നത് ഭഗവാനാണ്. എന്നാൽ ഈ വിദ്യയെക്കുറിച്ച് മാത്രം ആർക്കും തന്നെ അറിയില്ല. ഇതിനെ സ്പിരിച്വൽ നോളേജ് എന്നു പറയുന്നു. പരമാത്മാവാണ് വന്ന് പഠിപ്പിക്കുന്നത്, ഇതിന് മറ്റൊരു പേര് വെക്കാൻ സാധിക്കില്ല. സ്വയം ഭഗവാനാണ് വന്ന് പഠിപ്പിക്കുന്നത്. ഭഗവാനുവാചയല്ലേ. ഭഗവാൻ ഒരു പ്രാവശ്യം ഈ സമയത്ത് വന്നാണ് മനസ്സിലാക്കിത്തരുന്നത്. മറ്റു ശാസ്ത്രങ്ങളുടെ വിദ്യ വേറെയാണ്. നിങ്ങൾക്കറിയാം ജ്ഞാനം ഒന്ന് ഭൗതികമായ വിദ്യയുണ്ട്, രണ്ട് ആത്മീയ ശാസ്ത്രങ്ങളിലെ വിദ്യ, മൂന്നാമത് ആത്മീയ ജ്ഞാനം. മറ്റുള്ളവർ എത്ര ഉയർന്ന ടൈറ്റിലുകൾ നേടിയാലും, ഡോക്ടർ ഓഫ് ഫിലോസഫിയാണെങ്കിലും, അവരിലെല്ലാം ശാസ്ത്രങ്ങളിലെ കാര്യങ്ങളാണ്. നിങ്ങളുടെ ഈ ജ്ഞാനം തീർത്തും വേറിട്ടതാണ്. ഈ ആത്മീയ ജ്ഞാനം സർവ്വ ആത്മാക്കൾക്കും പിതാവായ പരമാത്മാവാണ് പഠിപ്പിക്കുന്നത്. ബാബയുടെ മഹിമയാണ് ജ്ഞാനസാഗരൻ, സുഖസാഗരൻ... കൃഷ്ണന്റെ മഹിമ തീർത്തും വ്യത്യസ്തമാണ്. ഗുണങ്ങളും അവഗുണങ്ങളും മനുഷ്യരിലാണുണ്ടാവുക. ബാബയുടെ മഹിമയെക്കുറിച്ച് യഥാർത്ഥ രീതിയിൽ നിങ്ങൾക്കറിയാം. ഭക്തർ തത്തമ്മയെപ്പോലെ അർത്ഥം ഒന്നും മനസ്സിലാക്കാതെ പറഞ്ഞുകൊണ്ടിരിക്കുന്നു. അപ്പോൾ ബാബ കുട്ടികൾക്ക് അവനവന്റെ ഉന്നതിയ്ക്കുവേണ്ടിയുള്ള വഴി പറഞ്ഞു തന്നുകൊണ്ടിരിക്കുകയാണ്. പുരുഷാർത്ഥം ചെയ്തുകൊണ്ടിരുന്നാൽ ഉറച്ചവരാകുന്നു, പിന്നീട് ഓഫീസിൽ ജോലി ചെയ്യുന്ന സമയത്തും സ്മരിച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നു. ഈശ്വരന്റെ സ്മൃതിയുണ്ടാകുന്നു. അരക്കല്പം മായയുടെ സ്മൃതിയായിരുന്നു ഉണ്ടായിരുന്നത്, ഇപ്പോൾ ബാബ യഥാർത്ഥ രീതിയിൽ മനസ്സിലാക്കിത്തരുന്നു. അവനവനെ നോക്കണം – ഞാൻ എന്തായിരുന്നു, ഇപ്പോൾ എന്തായിരിക്കുകയാണ് വീണ്ടും ബാബ നമ്മെ ദേവതയാക്കി മാറ്റുന്നു. ഇതും നിങ്ങൾ കുട്ടികൾക്ക് മാത്രമേ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാകൂ. ആദ്യമാദ്യം ഭാരതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭാരതത്തിൽ തന്നെയാണ് ബാബ വന്ന് പാർട്ട് അഭിനയിക്കുന്നത്. നിങ്ങളുടെ ആദിസനാതന ദേവതാധർമ്മത്തിലുള്ളവരല്ലേ. നിങ്ങൾക്ക് പവിത്രമായിത്തീരണം, ഇല്ലെങ്കിൽ അവസാനമേ വരികയുള്ളൂ. അപ്പോൾ എന്ത് സുഖം അനുഭവിക്കാനാണ്. കൂടുതൽ ഭക്തി ചെയ്തില്ലെങ്കിൽ സത്യയുഗത്തിലേക്ക് വരികയില്ല. ഇവർക്ക് അത്ര ജ്ഞാനമെടുക്കാൻ സാധിക്കില്ലെന്ന് നമുക്കും മനസ്സിലാക്കുവാൻ സാധിക്കുന്നു. വളരെയധികം പ്രയത്നിച്ചാലും വിരളം പേരെ വരുകയുള്ളൂ. എന്നാൽ നിങ്ങൾ ഒരിക്കലും ക്ഷീണിക്കരുത്. തീർച്ചയായും പ്രയത്നം ചെയ്യണം. പ്രയത്നം കൂടാതെ ഒന്നും ലഭിക്കില്ല. ബാക്കി പ്രജകൾ ഉണ്ടാവുക തന്നെ ചെയ്യും.

ബാബ കുട്ടികളുടെ ഉന്നതിയ്ക്കായുള്ള യുക്തികളാണ് പറഞ്ഞുതരുന്നത് – കുട്ടികളേ, തന്റെ ഉന്നതി വേണമെങ്കിൽ അതിരാവിലെ സ്നാനം കഴിഞ്ഞ് ഏകാന്തതയിൽ പോയി ചുറ്റിക്കറങ്ങൂ. അഥവാ ഇവിടെ

വന്ന് ഇരിക്കൂ. ആരോഗ്യത്തിനു വേണ്ടി നടക്കുന്നതും വളരെ നല്ലതാണ്. ബാബയെയും ഓർമ്മയുണ്ടാകുന്നു, ഡ്രാമയുടെ രഹസ്യവും ബുദ്ധിയിലുണ്ടാകുന്നു. എത്ര സമ്പാദ്യമാണെന്നു നോക്കൂ. ഇതാണ് സത്യമായ സമ്പാദ്യം, ആ സമ്പാദ്യം പൂർത്തിയായാൽ ശേഷം ഈ സമ്പാദ്യത്തെക്കുറിച്ച് ചിന്തിക്കണം. യാതൊരു ബുദ്ധിമുട്ടുമില്ല. ബ്രഹ്മാബാബ തന്റെ മുഴുവൻ ജീവിതകഥയും എഴുതുമായിരുന്നു – ഇന്ന് ഇത്ര മണിയ്ക്ക് എഴുന്നേറ്റു, പിന്നീട് ഇത് ചെയ്തു..... ഇത് കണ്ട് പിൻഗാമികൾ പഠിക്കുമെന്ന് ചിന്തിക്കുന്നു. പ്രശസ്ഥരായ മനുഷ്യരുടെ ജീവചരിത്ര കഥ എഴുതാറുണ്ടല്ലോ. വീട്ടിൽ കുട്ടികൾ അത് പഠിക്കുകയാണെങ്കിൽ നല്ല സ്വഭാവമുള്ളവരാകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്ത് സതോപ്രധാനമാകണം. സതോപ്രധാന ലോകത്തിന്റെ രാജ്യം നേടണം. നിങ്ങൾക്കറിയാം നമ്മൾ കല്പകല്പം രാജ്യം നേടുന്നു, പിന്നീട് നഷ്ടപ്പെടുത്തുന്നു. നിങ്ങളുടെ ബുദ്ധിയിൽ ഇതെല്ലാമുണ്ട്. ഇത് പുതിയ ലോകത്തിനു വേണ്ടി, പുതിയ ധർമ്മത്തിനു വേണ്ടിയുള്ള പുതിയ ജ്ഞാനമാണ്, അതുകൊണ്ടാണ് മധുരമധുരമായ കുട്ടികളോട് എത്രയും പെട്ടെന്ന് പുരുഷാർത്ഥം ചെയ്യാനായി പറയുന്നത്. കാരണം ശരീരത്തിനുമേൽ വിശ്വസിക്കരുത്. ഇന്നത്തെക്കാലത്ത് വളരെ പെട്ടെന്നാണ് മരണം വരുന്നത്. അവിടെ അമരലോകത്തിൽ ഇങ്ങനെയുള്ള മരണങ്ങളൊന്നുമുണ്ടാകില്ല. ഇവിടെ ഇരിക്കെത്തന്നെ ശരീരമുപേക്ഷിക്കുന്നു അതുകൊണ്ട് തന്റേതായ പുരുഷാർത്ഥം ചെയ്യണം. സമ്പാദിച്ചുകൊണ്ടിരിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ബുദ്ധിയെ ജ്ഞാന ചിന്തനത്തിൽ ബിസിയാക്കി വെയ്ക്കുന്നതിന്റെ സ്വഭാവമുണ്ടാക്കണം, എപ്പോഴെല്ലാം സമയം ലഭിക്കുന്നുവോ അപ്പോഴെല്ലാം ഏകാന്തതയിലിരുന്ന് വിചാരസാഗരമഥനം ചെയ്യണം. ബാബയെ ഓർമ്മിച്ച് സത്യമായ സമ്പാദ്യം ശേഖരിക്കണം.

2) ദീർഘവീക്ഷകരായി ഈ പരിധിയില്ലാത്ത നാടകത്തെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കണം. എല്ലാ പാർട്ട്ധാരികളുടെയും പാർട്ടിനെ സാക്ഷിയായി കാണണം.

### വരദാനം:– മധുരതയുടെ വരദാനത്തിലൂടെ സദാ മുന്നേറുന്ന ശ്രേഷ്ഠാത്മാവായി ഭവിക്കട്ടെ.

മധുരത അങ്ങനെയുള്ള വിശേഷ ധാരണയാണ് അത് കൈപ്പുള്ള ഭൂമിയെപ്പോലും മധുരമുള്ളതാക്കി മാറ്റുന്നു. ആർക്കും രണ്ട് നിമിഷനേരം മധുരമായ ദൃഷ്ടി കൊടുക്കൂ, മധുരമായ വാക്കുകൾ സംസാരിക്കൂ, എങ്കിൽ ഏതാത്മാവിനെയും സദാ കാലത്തേക്ക് നിറവുള്ളവരാക്കാൻ സാധിക്കും. രണ്ട് നിമിഷത്തെ മധുരമായ ദൃഷ്ടിയും വാക്കും ആ ആത്മാവിന്റെ സൃഷ്ടി പരിവർത്തനപ്പെടുത്തും. താങ്കളുടെ രണ്ട് മധുരമായ വാക്കുകൾ പോലും സദാ കാലത്തേക്ക് അവർക്ക് പരിവർത്തനപ്പെടാനുള്ള നിമിത്തമായി മാറും, അതിനാൽ മധുരതയുടെ വരദാനം സദാ കൂടെ കരുതുക. സദാ മധുരമായിരിക്കുകയും സർവ്വരെയും മധുരമാക്കുകയും ചെയ്യുക.

### സ്ലോഗൻ:– ഏത് പരിതസ്ഥിതിയിലും പൊരുത്തപ്പെടുന്നവരാകൂ എങ്കിൽ രഹസ്യയുക്തരാകാം.

**അവ്യക്ത സൂചനകൾ:– സങ്കല്പങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
എപ്പോൾ മറ്റെല്ലാ സങ്കൽപങ്ങളും ശാന്തമാകുന്നുവോ, ഒരു ബാബയും താങ്കളും മാത്രം– ഈ കൂടിച്ചേരലിന്റെ അനുഭൂതിയുടെ സങ്കൽപമിരിക്കുന്നുവോ അപ്പോൾ സങ്കൽപശക്തി സംഭരിക്കപ്പെടുന്നു, മാത്രമല്ല യോഗം ശക്തിശാലിയായി മാറുന്നു, അതിനുവേണ്ടി സമാനമാകുന്നതിന്റെയും ഉള്ളിലൊതുക്കുന്നതിന്റെയും ശക്തി ധാരണ ചെയ്യൂ. സങ്കല്പങ്ങളുടെ മേൽ ഫുൾബ്രേക്കിടൂ, ലൂസാകരുത്. അഥവാ ഒരു സെക്കന്റിന് പകരം കൂടുതൽ സമയമെടുത്താൽ സമാനമാകുന്നതിന്റെ ശക്തി ദുർബ്ബലപ്പെടും.